ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
# ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷൻ
സംസ്ഥാന കമ്മറ്റി, തിരുവനന്തപുരം – 01
അഫിലിയേറ്റഡ് - ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ
ഇ.ജെ.ഫ്രാൻസിസ് സ്മാരകം, പ്രസ്സ് ക്ലബ്ബിന് സമീപം, തിരുവനന്തപുരം-1
ഇ-മെയിൽ: itdiokerala@gmail.com

ജയൻ പി.ആർ
പ്രസിഡണ്ട്
മൊബൈൽ: +91 62827 21293

ആന്റണി ജോസഫ്
ജനറൽ സെക്രട്ടറി
മൊബൈൽ: +91 9744 996 141

നമ്പർ: **ITDIO/27/2026** തീയതി: **15.07.2026**

**ബഹു. വനം, വന്യജീവി, നൈപുണ്യവികസന വകുപ്പ് മന്ത്രി**

**സെക്രട്ടറിയേറ്റ്, തിരുവനന്തപുരം**

**കേരളം**

**വിഷയം : കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ (DGT) 'കൗശൽ ഭീ, ശിക്ഷാ ഭീ' പദ്ധതി കേരളത്തിലെ ഐ.ടി.ഐ (ITI) കളിൽ ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

സർ,

കേരളത്തിലെ സാങ്കേതിക-നൈപുണ്യ വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുന്ന ഒരു പ്രധാന വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനാണ് ഈ നിവേദനം സമർപ്പിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗും (DGT), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗും (NIOS) സംയുക്തമായി നടപ്പിലാക്കുന്ന "കൗശൽ ഭീ, ശിക്ഷാ ഭീ" (ഒരു ട്രെയിനിക്ക് രണ്ട് യോഗ്യതകൾ) എന്ന പദ്ധതി രാജ്യത്തുടനീളം വലിയ വിജയമായി മാറിക്കൊണ്ടിരിക്കുകയാണ്. "കൗശൽ ഭീ, ശിക്ഷാ ഭീ" പദ്ധതിയുടെ പ്രധാന ലക്ഷ്യം, ITI പരിശീലനത്തോടൊപ്പം പൊതുവിദ്യാഭ്യാസ യോഗ്യതയും നേടാൻ അവസരം ഒരുക്കുക എന്നതാണ്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യവും അക്കാദമിക് യോഗ്യതയും ഒരുമിച്ച് നേടാൻ കഴിയും. ഐ.ടി.ഐ പഠനത്തോടൊപ്പം തന്നെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് അല്ലെങ്കിൽ പന്ത്രണ്ടാം ക്ലാസ് (10th / 12th) തുല്യതാ സർട്ടിഫിക്കറ്റ് കൂടി ഒരേസമയം നേടിയെടുക്കാൻ സാധിക്കുന്നതാണ് ഈ പദ്ധതി.

**ഈ പദ്ധതിയുടെ പ്രധാന സവിശേഷതകളും നേട്ടങ്ങളും താഴെ പറയുന്നവയാണ്:**

1. കുറഞ്ഞ പരീക്ഷാ ഭാരം: രണ്ട് വർഷത്തെ ഐ.ടി.ഐ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് വെറും ഒരു അധിക ഭാഷാ വിഷയവും, ഒരു വർഷത്തെ കോഴ്സ് ചെയ്യുന്നവർ ഒരു ഭാഷയും മറ്റൊരു അധിക വിഷയവും (ആകെ രണ്ട് വിഷയങ്ങൾ) മാത്രം NIOS വഴി പഠിച്ച് പരീക്ഷ എഴുതിയാൽ മതിയാകും.

2. തുല്യതാ സർട്ടിഫിക്കറ്റ്: ഐ.ടി.ഐ വിജയകരമായി പൂർത്തിയാക്കുന്നതിനൊപ്പം വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് അല്ലെങ്കിൽ പന്ത്രണ്ടാം ക്ലാസ് സർട്ടിഫിക്കറ്റും ലഭിക്കുന്നു. ഇത് അവർക്ക് ഉന്നത വിദ്യാഭ്യാസത്തിനോ കോളേജ് പ്രവേശനത്തിനോ ഉള്ള വഴി തുറക്കുന്നു.

3. അധിക സ്കൂൾ പഠനം ആവശ്യമില്ല: വിദ്യാർത്ഥികൾക്ക് പ്രത്യേകമായി സ്കൂളുകളിൽ പോകാതെ തന്നെ ഐ.ടി.ഐ കാമ്പസുകളിൽ വെച്ചുതന്നെ ഇതിനുള്ള സൗകര്യം ഒരുക്കാൻ സാധിക്കും.

4. തൊഴിൽ സാധ്യതകൾ: കേന്ദ്ര-സംസ്ഥാന സർക്കാർ ജോലികൾക്കും അന്താരാഷ്ട്ര തലത്തിലുള്ള തൊഴിലവസരങ്ങൾക്കും ഈ സർട്ടിഫിക്കറ്റ് പൂർണ്ണമായും അംഗീകൃതമാണ്.

കേരളത്തിലെ ഭൂരിഭാഗം ഐ.ടി.ഐ വിദ്യാർത്ഥികളും സാധാരണ കുടുംബങ്ങളിൽ നിന്നുള്ളവരും, സാങ്കേതിക നൈപുണ്യത്തോടൊപ്പം ഔപചാരിക വിദ്യാഭ്യാസം കൂടി ആഗ്രഹിക്കുന്നവരുമാണ്. ഈ പദ്ധതി സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിൽ വ്യവസ്ഥാപിതമായി നടപ്പിലാക്കുകയാണെങ്കിൽ, നമ്മുടെ വിദ്യാർത്ഥികളുടെ ഉന്നത പഠന സാധ്യതകളും തൊഴിൽ ക്ഷമതയും വലിയ തോതിൽ വർദ്ധിക്കും. അതിനാൽ, ഈ പദ്ധതി കേരളത്തിലെ എല്ലാ ഐ.ടി.ഐകളിലും അടിയന്തിരമായി നടപ്പിലാക്കുന്നതിനും, ഇതിനായി പ്രത്യേക ലേണിംഗ് സെന്ററുകൾ ഐ.ടി.ഐ കാമ്പസുകളിൽ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

തിരുവനന്തപുരം

15.07.2026

ITD INSTRUCTOR'S ORGANIZATION • KERALA •

**ആന്റണി ജോസഫ്**
ജനറൽ സെക്രട്ടറി
ഐ.ടി.ഡി.ഐ.ഒ സംസ്ഥാന കമ്മിറ്റി